**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206** **20.06.2012-ൽ മറുപടിക്ക്**

## മഴക്കാല രോഗങ്ങൾ തടയുവാൻ നടപടി

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു കുരുവിള | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എല്ലാഭാഗത്തും മഴക്കാലരോഗങ്ങൾ തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | ബി) മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും പ്രതിരോധിക്കുന്നതിന് ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുകയും രോഗങ്ങൾ യഥാസമയം കണ്ടുപിടിക്കുന്നതിനും രോഗസ്ഥിരീകരണം നടത്തുന്നതിനും ചികിത്സിച്ച് രോഗം ഭേദപ്പെടുത്തുന്നതിനും പി.എച്ച്.സി, സി.എച്ച്.സി. തുടങ്ങി എല്ലാ സർക്കാർ ആശുപത്രികളിലും വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യാനുസരണം ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും അതാതു സ്ഥാപനങ്ങളിൽ വിന്യസിച്ചും വീടുവീടാന്തരം സർവ്വേ നടത്തിയും ഫീൽഡ് വിഭാഗം ജീവനക്കാർ ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയും രോഗ പ്രതിരോധ നിരീക്ഷണനിയന്ത്രണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ